**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **04.11.2019-ൽ മറുപടിക്ക്**

**നമ്പർ.1957**

<u>കമ്പനി /കോർപ്പറേഷനിലെ വിവിധ തസ്തികളിലേക്കുള്ള റാങ്ക് ലിസ്റ്റ്</u>

**ചോദ്യം** **ഉത്തരം**

**ശ്രീ.** വി.കെ.ഇബ്രാഹിം കുഞ്ഞ് **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | 399/2017, 400/2017 എന്നീ കാറ്റഗറി നമ്പറുകളിലായി പി.എസ്.സി. നടത്തിയ വിവിധ കമ്പനി കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ്, ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, ക്ലാർക്ക് എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള സാധ്യതാ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് എന്ന് വെളിപ്പെടുത്തമോ; | (എ) | 399/17 കാറ്റഗറി നമ്പരായുള്ള Junior Assistant/ Cashier/ Assistant Gr.II തസ്തികയുടെ സാധ്യതാപട്ടിക 02.08.2019 നും വിവിധ കമ്പനി/ ബോർഡ്/ കോർപ്പറേഷനുകളിലേയ്ക്കുള്ള 400/2017 കാറ്റഗറി നമ്പരായുള്ള Junior Assistant/ Cashier/ Assistant Gr.II തസ്തികയുടെ സാധ്യതാപട്ടിക 06.08.2019 നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട് |
| (ബി) | വെരിഫിക്കേഷനു ശേഷമുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഏതു ഓഫീസിനെയാണ് പി.എസ്.സി. ചുമതലപ്പെടുത്തിയത്; | (ബി) | 399/2017 കാറ്റഗറി നമ്പരായുള്ള Junior Assistant/ Cashier തസ്തികയുടെ റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്നതിന് കൊല്ലം റീജിയണൽ പിഎസ്.സി. ഓഫീസറെയും 400/2017 കാറ്റഗറി നമ്പറിലേയ്ക്കുള്ള റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്നതിന് എറണാകുളം റീജിയണൽ ഓഫീസറെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടു ണ്ട് |

| | | | |
|---|---|---|---|
| (സി) | മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞു എന്നതു പരിഗണിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | റാങ്ക്പട്ടിക അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ